# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.456 | 22.03.2018- ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി. രജിസ്ട്രേഷൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. കൃഷ്ണൻകുട്ടി<br>,, സി.കെ.നാണു<br>,, കോവൂർ കുഞ്ഞുമോൻ<br>,, കെ.ബി.ഗണേഷ് കുമാർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിൽ ആകെയുള്ള വാറ്റ് രജിസ്ട്രേഷൻ എത്രയാണെന്നും നാളിതുവരെയുള്ള ജി.എസ്.ടി. രജിസ്ട്രേഷൻ എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | വാറ്റ് നിയമപ്രകാരം സംസ്ഥാനത്ത് 265128 വ്യാപാരികൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടായിരുന്നു. ഇതിൽ 37961 പേർ 20 ലക്ഷത്തിനുതാഴെ വിറ്റുവരവുള്ളതായിരുന്നു. ബാക്കിയുള്ളതിൽ 223204 പേർ ജി.എസ്.ടി യിലേക്ക് മൈഗ്രേറ്റ് ചെയ്തിട്ടുണ്ട്. ഇത് ഏകദേശം 98.24% വരും. നിലവിൽ 3.20 ലക്ഷം വ്യാപാരികൾ സംസ്ഥാനത്ത് ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. |
| (ബി) | വാറ്റ് രജിസ്ട്രേഷൻ ഉള്ളവരെയെല്ലാം ജി.എസ്.ടി. രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരാത്തതിനാൽ ഉണ്ടായ സാമ്പത്തിക നഷ്ടം എത്രയാണെന്ന് വെളിപ്പെടുത്താമോ; | (ബി) | വാറ്റിൽ രജിസ്ട്രേഷനുണ്ടായിരുന്ന എല്ലാ വ്യാപാരികളും നിയമപരമായി ജി.എസ്.ടി യിൽ രജിസ്ട്രേഷന് ബാധ്യതയില്ല. 20 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വിറ്റുവരവുള്ളവർ മാത്രമേ ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കേണ്ടതുള്ളൂ. എന്നാൽ അന്തർസംസ്ഥാന വിൽപ്പന നടത്തുന്ന വ്യാപാരികൾ വിറ്റുവരവിന്റെ പരിധിയില്ലാതെ രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. വ്യാപാരികളിൽ ഭൂരിഭാഗവും 20 ലക്ഷത്തിനു താഴെ വാർഷിക വിറ്റുവരവുള്ളവരാണ്. അതിനാൽ നികുതിയിനത്തിൽ വലിയ കുറവൊന്നും ഉണ്ടാകില്ല. ഇതുകൂടാതെ ജി.എസ്.ടി കോമ്പൻസേഷൻ നിയമപ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നികുതിനഷ്ടം കേന്ദ്രസർക്കാർ നികത്തുന്നുണ്ട്. ആയതിനാൽ സാമ്പത്തികനഷ്ടം |

| | | | |
|---|---|---|---|
| | | | ഉണ്ടാകുന്നതായി കണക്കാക്കാനാവില്ല. എന്നാൽ IT പശ്ചാത്തല സൗകര്യങ്ങൾ പൂർണ്ണമായും സജ്ജമാകാത്തതിനാൽ കേരളത്തിന് പ്രയോജനകരമാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന IGST സെറ്റിൽമെന്റ് വേഗതയിൽ നടക്കാത്ത സ്ഥിതിയുണ്ട്. തന്മൂലം GST വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) | വാറ്റ് രജിസ്ട്രേഷൻ ഉള്ളവരെയെല്ലാം ജി.എസ്.ടി. രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | രജിസ്ട്രേഷൻ എടുക്കാൻ ബാധ്യതയുള്ള വ്യാപാരികളെ ഫീൽഡ് സർവ്വെ വഴിയും ഇന്റലിജൻസ് വിഭാഗത്തിന്റെ ചരക്കുപരിശോധന വഴിയും കണ്ടെത്തുന്ന മുറയ്ക്ക് സ്വമേധയാ രജിസ്ട്രേഷൻ കൊടുക്കാവുന്നതാണ്. |
| (ഡി) | കേരളത്തിൽ വാറ്റ് രജിസ്ട്രേഷൻ ഉള്ളവരുടെ ഡാറ്റാ ബേസ് എടുത്ത് ജി.എസ്.ടി.യിൽ ഡോർ രജിസ്ട്രേഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് വേഗത്തിലാക്കാൻ ഏതെങ്കിലും സ്ഥാപനത്തെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ? | (ഡി) | ഡോർ രജിസ്ട്രേഷൻ നടത്തുന്നതിനെക്കുറിച്ച് തീരുമാനമെടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**